# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4993 — 24/07/2015-ൽ മറുപടിക്ക്

## കർഷക തൊഴിലാളി പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>" കെ.വി. അബ്ദുൾ ഖാദർ<br>" എസ്. രാജേന്ദ്രൻ<br>" ബി. സത്യൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |
| (എ) കർഷക തൊഴിലാളി പെൻഷനുള്ള വാർഷിക വരുമാന പരിധി നിലവിലെ 11,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് കർഷക തൊഴിലാളി യൂണിയനു നൽകിയ ഉറപ്പ് പാലിക്കാൻ ഇതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ? | (എ) കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) നിലവിലുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) 2014 ഡിസംബർ വരെയുള്ള കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2015 ജനുവരി മുതൽ മാർച്ച് വരെയുള്ള പെൻഷൻ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. 2015 ഏപ്രിൽ മാസത്തെ കർഷക തൊഴിലാളി പെൻഷൻ ഡി.ബി.റ്റി. സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് നൽകാത്തതിനാൽ അംഗങ്ങൾക്കുള്ള ആനുകൂല്യ വിതരണം മുടങ്ങിയിരിക്കുന്നത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; | (സി) ബോർഡിന് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയവും ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കണമെന്ന ബോർഡിന്റെ ശിപാർശയും സർക്കാർ പരിശോധിച്ചുവരുന്നു. |

(ഡി) 2014-15 വർഷത്തെ മാച്ചിംഗ് ഗ്രാന്റിനത്തിൽ എത്ര രൂപ നല്കാനുണ്ടെന്നും മുൻ വർഷത്തെയും ഈ വർഷത്തെയും മാച്ചിംഗ് ഗ്രാന്റ് നൽകാനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ?

2014-15 വർഷത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റിനത്തിൽ 5,19,61,637/- രൂപ നൽകുവാനുള്ളതിൽ, 2014-15 വർഷത്തെ ബഡ്ജറ്റിൽ 'സംഭാവന' ഇനത്തിൽ (അംശദാനം) വകയിരുത്തിയിരുന്ന 76,17,000/- രൂപ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 83,79,000/- രൂപ ബോർഡിന് 'സംഭാവന' (അംശദാനം) ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ